# സിംഗപ്പൂരിലെ വ്യാപാര വ്യവസായ മന്ത്രി കൂടിയായ ഉപപ്രധാനമന്ത്രി രാഷ്ട്രപതിയെ സന്ദർശിച്ചു

ആഗസ്ത് 13, 2025

സിംഗപ്പൂർ ഉപപ്രധാനമന്ത്രിയും വ്യാപാര വ്യവസായ മന്ത്രിയുമായ ശ്രീ. ഗാൻ കിം യോംഗിന്റെ നേതൃത്വത്തിലുള്ള സിംഗപ്പൂർ മന്ത്രിതല സംഘം ഇന്ന് (ആഗസ്റ്റ് 13, 2025) രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ശ്രീമതി ദ്രൗപതി മുർമുവിനെ സന്ദർശിച്ചു. ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല വട്ടമേശ സമ്മേളനത്തിന്റെ (ISMR) മൂന്നാമത്തെ യോഗത്തിനായാണ് പ്രതിനിധി സംഘം ഡൽഹിയിലെത്തിയത്.

2. രാഷ്ട്രപതി ഭവനിലേക്ക് പ്രതിനിധി സംഘത്തെ സ്വാഗതം ചെയ്തുകൊണ്ട്, അനിശ്ചിതമായ ആഗോള അന്തരീക്ഷത്തിൽ പോലും ഇന്ത്യ-സിംഗപ്പൂർ സമഗ്ര തന്ത്രപരമായ പങ്കാളിത്തം അഭിവൃദ്ധി പ്രാപിക്കുന്നുണ്ടെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. ഉഭയകക്ഷി ബന്ധം സ്ഥാപിതമായതിന്റെ 60-ാം വാർഷികത്തോടനുബന്ധിച്ച്, ഈ വർഷത്തിന്റെ തുടക്കത്തിൽ പ്രസിഡന്റ് തർമൻ ഷൺമുഖരത്നം നടത്തിയ ഔദ്യോഗിക സന്ദർശനം അവർ ഓർമ്മിച്ചു. ISMR ഉൾപ്പെടെ ഉയർന്ന തലങ്ങളിലുള്ള ഇത്തരം നിരന്തര ഇടപെടലുകൾ നമ്മുടെ ബഹുമുഖ ബന്ധങ്ങൾക്ക് ഗതിവേഗം നൽകുമെന്ന് അവർ പറഞ്ഞു.

3. ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന ഹീനമായ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ തീവ്രവാദത്തിനെതിരെ സിംഗപ്പൂർ സ്വീകരിച്ച ശക്തമായ നിലപാടിനെ രാഷ്ട്രപതി അഭിനന്ദിച്ചു.

4. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് പോളിസി, മഹാസാഗർ വിഷൻ, ഇൻഡോ-പസഫിക് വിഷൻ എന്നിവയിൽ സിംഗപ്പൂർ ഒരു പ്രധാന പങ്കാളിയാണെന്ന് പ്രസിഡന്റ് പറഞ്ഞു. വ്യാപാരം, നിക്ഷേപം, പ്രതിരോധം, സംസ്കാരം, വിദ്യാഭ്യാസം, ജനങ്ങൾ തമ്മിലുള്ള വിനിമയം എന്നീ മേഖലകളിൽ ഇരുരാജ്യങ്ങളും തമ്മിൽ ശക്തമായ പങ്കാളിത്തമുണ്ട്. നൈപുണ്യം, ഹരിത സമ്പദ്വ്യവസ്ഥ, ഫിൻടെക് തുടങ്ങിയ സഹകരണത്തിന്റെ വളർന്നുവരുന്ന മേഖലകളിലേക്ക് പങ്കാളിത്തം ഇപ്പോൾ വികസിപ്പിക്കുന്നു എന്നത് സംതൃപ്തി നൽകുന്നതായും അവർ പറഞ്ഞു.

ന്യൂഡൽഹി

**ആഗസ്ത് 13, 2025**